(23)

## വിവരാവകാശം/മറുപടി

നം ഇ11/25285/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 08/08/2016

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ

ശ്രീ.കെ.മുകുന്ദൻ,
പാർവ്വതി ഹൗസ്,
പാമ്പാടി വെസ്റ്റ്.പി.ഒ,
തിരുവില്ല്വാമല,
തൃശ്ശൂർ,
പിൻ 680588

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ്-വിവരാവകാശനിയമം 2005 പ്രകാരമുള്ള അപേക്ഷ-മറുപടി നൽകുന്നത്-സംബന്ധിച്ച്.

സൂചന :-1) വിവരാവകാശ നിയമപ്രകാരമുള്ള താങ്കളുടെ 22/06/16 അപേക്ഷ

2) സർക്കാർ കത്ത് നമ്പർ 68753316/എ1/2016/സാനീവ തീയതി 02/07/2016

സൂചന (1)പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ശ്രീമതി.പി.കെ.രാജശ്രീ യ്ക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി ഡപ്യൂട്ടേഷനിൽ തുടരുവാൻ അനുമതി നൽകിയപ്പോൾ വന്ന ഒഴിവിലേയ്ക്കാണ് ശ്രീമതി.കെ.ജി.ശ്രീദേവിയ്ക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകിയത്.

2) സർക്കാർ തീരുമാനത്തിനു വിധേയമായി ഡപ്യൂട്ടേഷൻ നിയമനങ്ങൾ 5 വർഷം വരെ തുടരാവുന്നതാണ്.

3) ഇല്ല.

4) ശ്രീമതി.പി.കെ.രാജശ്രീ ഡപ്യൂട്ടേഷൻ അവസാനിച്ച് സാമൂഹ്യനീതി വകുപ്പിലെ ജോയിന്റ് ഡയറക്ടർ തസ്തികയിൽ പ്രവേശിക്കുന്നതിനു മുൻപേ ശ്രീമതി.കെ.ജി.ശ്രീദേവി പെൻഷൻ പ്രാരംഭ അവധിയിൽ പ്രവേശിച്ചതിനാൽ നിയമനം ഭേദഗതി ചെയ്യുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചിട്ടില്ല.

ഈ മറുപടിയിൻമേൽ താങ്കൾക്ക് പരാതിയോ ആക്ഷേപമോ ഉള്ള പക്ഷം മറുപടി ലഭിച്ച് 30 ദിവസത്തിനകം ഒന്നാം അപ്പീൽ അധികാരിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, ~~തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ~~ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**സാബു.ബി**
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
& സീനിയർ സൂപ്രണ്ട്.

# വിവരാവകാശം/മറുപടി

നം ഇ11/25285/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 08/09/2016

അപ്പലേറ്റീവ് അതോറിറ്റി.

ശ്രീ.കെ.മുകുന്ദൻ,
പാർവ്വതി ഹൗസ്,
പാമ്പാടി വെസ്റ്റ്.പി.ഒ,
തിരുവില്ല്വാമല, തൃശ്ശൂർ,
പിൻ 680588

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ്-വിവരാവകാശനിയമം 2005 പ്രകാരമുള്ള അപ്പീൽ അപേക്ഷ - മറുപടി നൽകുന്നത്-സംബന്ധിച്ച്.

സൂചന :- വിവരാവകാശ നിയമപ്രകാരമുള്ള താങ്കളുടെ 12/08/16 ലെ അപ്പീൽ അപേക്ഷ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. സൂചനയിലെ അപ്പീൽ അപേക്ഷ പരിശോധിക്കുകയും താഴെപ്പറയുന്ന വിവരങ്ങൾ അറിയിയ്ക്കുകയും ചെയ്യുന്നു.

1) താങ്കളുടെ 22/06/2016 ലെ അപേക്ഷയിൽ ഒന്നാം പിരിവ് പ്രകാരം ഇതിന് മറുപടി നൽകിയിട്ടുള്ളതാണ്. ശ്രീമതി.പി.കെ.രാജശ്രീ, ജോയിന്റ് ഡയറക്ടർക്ക് ഡപ്യൂട്ടേഷൻ നിയമനം നൽകിയപ്പോൾ വന്ന ഒഴിവിലാണ് ശ്രീമതി.കെ.ജി.ശ്രീദേവിയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയത്.

2) ഇതിന് വ്യക്തമായ മറുപടി 08/08/2016 ലെ മേൽ നമ്പർ കത്തിൽ നൽകിയിട്ടുണ്ട്. കൂടാതെ വിവരാവകാശ നിയമ പ്രകാരം ഫയലിൽ ലഭ്യമായ മറുപടി നൽകുക എന്നതിൽ കവിഞ്ഞ് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനോ പരാതികൾക്ക് പരിഹാരം നിർദ്ദേശിക്കുവാനോ വ്യവസ്ഥയില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട്

ഫയലിൽ നിന്ന് കൂടുതലായി എന്തെങ്കിലും അറിയണമെന്നുള്ള പക്ഷം മുൻകൂട്ടി അറിയിച്ച് ഈ കാര്യാലയത്തിൽ വന്ന് ആയത് താങ്കൾക്ക് പരിശോധിയ്ക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

പ്രീത.എസ്.നായർ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
& ഒന്നാം അപ്പലേറ്റ് അതോറിറ്റി

87

53

**അടിയന്തിരം**

നം ഇ11/25285/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി - 02/12/2016

STATE INFORMATION COMMISSION, KERALA
02 DEC 2016
THIRUVANANTHAPURAM

അപ്പീൽ അധികാരി,
സാമൂഹ്യനീതി ഡയറക്ടറേറ്റ്

കമ്മീഷൻ സെക്രട്ടറി,
വിവരാവകാശ കമ്മീഷൻ.

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - ശ്രീ.കെ.മുകുന്ദൻ, വിവരാവകാശ കമ്മീഷൻ മുൻപാകെ സമർപ്പിച്ച അപ്പീൽ - റിപ്പോർട്ട് സംബന്ധിച്ച്.

സൂചന :- 1) ജി.ഒ(എം.എസ്) നം 48(2)/2015/ എസ്.ജെ.ഡി തീയതി 11/8/2015

2) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 17/8/15 ലെ ബി(1) 397/2012 നമ്പർ കത്ത്

3) ഈ കാര്യാലയത്തിൽ നിന്നുള്ള 24/8/15 ലെ ഇ11/32091/15 നമ്പർ കത്ത്

4) ജി.ഒ (ആർ.റ്റി) നം 624/15/എസ്.ജെ.ഡി തീയതി 12/10/2015

5) സർക്കാർ കത്ത് നമ്പർ 1848/എ1/2016/സാനീവ തീയതി 04/04/16

6) സാമൂഹ്യനീതി ഡയറക്ടറുടെ 24/05/2016 ലെ ഇ11/2005/15 നമ്പർ നടപടിക്രമങ്ങൾ

7) ശ്രീ.കെ.മുകുന്ദൻ, വിവരാവകാശ നിയമപ്രകാരം ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷകൾ

8) ശ്രീ. കെ.മുകുന്ദന് ഈ കാര്യാലയത്തിൽ നിന്നും 8/8/16, 26/8/16, 8/9/16, 3/10/16 എന്നീ തീയതികളിൽ നൽകിയ മറുപടികൾ

9) താങ്കളുടെ 16/11/16 ലെ 12804/SIC- Gen- 4/2016 നമ്പർ കത്ത്

സൂചനകളിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. സാമൂഹ്യനീതി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.കെ.ജി.ശ്രീദേവിയ്ക്ക്

ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിയമനം നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ.കെ.മുകുന്ദൻ സൂചന (7) പ്രകാരം വിവരാവകാശ നിയമ പ്രകാരം അപേക്ഷകളും അപ്പീൽ അപേക്ഷകളും ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നതും ആയതിന് സൂചന (8) ലെ കത്തുകൾ പ്രകാരം ടിയാന് മറുപടി നൽകിയിട്ടുണ്ടായിരുന്നതുമാണ്. ടി മറുപടികളിന്മേൽ തൃപ്തനാകാതെയാണ് ശ്രീ.കെ.മുകുന്ദൻ ബഹു വിവരാവകാശ കമ്മീഷൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത അപ്പീലിന്മേൽ സൂചന (9) പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

സാമൂഹ്യനീതി വകുപ്പിൽ രണ്ട് ജോയിന്റ് ഡയറക്ടർ തസ്തികകളാണ് നിലവിലുള്ളത്. ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) തയ്യാറാക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ ജീവനക്കാരുടെ സെലക്ട് ലിസ്റ്റിൽ നിന്നുമാണ് ടി തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം നൽകുന്നത്. സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടർ നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ് സർക്കാർ, ജോയിന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമനം നൽകുന്നത്.

ഇപ്രകാരം ഹയർ ഡിപിസി തയ്യാറാക്കിയ ജോയിന്റ് ഡയറക്ടർ തസ്തികയുടെ സെലക്ട് ലിസ്റ്റ് സൂചന (1) പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിരുന്നു. ആയതിൽ മൂന്ന് ജീവനക്കാർ ഉൾപ്പെട്ടിരുന്നു. ആയതിൽ ക്രമ നമ്പർ (1) ആയി ഉൾപ്പെട്ടിരുന്ന ശ്രീ.കെ.മുകുന്ദന് ടി സെലക്ട് ലിസ്റ്റ് നിലവിൽ വരുന്നതിനു മുൻപ് ജോയിന്റ് ഡയറക്ടർ തസ്തികയിൽ സർക്കാർ താൽക്കാലിക ഉദ്യോഗക്കയറ്റം നൽകുകയും ടിയാൻ സർവ്വീസിൽ നിന്നും 31/03/2015 ന് വിരമിയ്ക്കുകയുമുണ്ടായി. ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകുന്നതിനായി ഈ കാര്യാലയത്തിൽ നിന്നും സർക്കാരിൽ ശുപാർശ സമർപ്പിയ്ക്കുന്ന സമയത്ത് ടി തസ്തികയിൽ ഒരു ഒഴിവ് മാത്രമാണ് നിലവിലുണ്ടായിരുന്നത്. സെലക്ട് ലിസ്റ്റിലെ രണ്ടാം പേരുകാരിയായ ശ്രീമതി.പി.കെ.രാജശ്രീയ്ക്കാണ് ടി തസ്തികയിൽ നിയമനം ലഭിയ്ക്കുവാൻ അർഹതയുണ്ടായിരുന്നത്.

അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിയ്ക്കവെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ

ഡെപ്യൂട്ടേഷനിൽ പ്രവേശിച്ച ശ്രീമതി.പി.കെ.രാജശ്രീ ജോയിന്റ് ഡയറക്ടറായി ഉദ്യോഗക്കയറ്റത്തിനുള്ള ശുപാർശ നൽകുന്ന കാലയളവിലും ടി തസ്തികയിൽ ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിക്കുകയായിരുന്നു. ശ്രീമതി. പി.കെ. രാജശ്രീയ്ക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചാലും കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ തുടരുവാൻ അനുവദിയ്ക്കണമെന്ന് സൂചന (2) കത്തു പ്രകാരം കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഈ കാര്യാലയത്തിൽ അറിയിയ്ക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ശ്രീമതി.പി.കെ.രാജശ്രീയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ഡെപ്യൂട്ടേഷനിൽ തുടരുവാൻ അനുമതി നൽകുവാനും ഇപ്രകാരമുണ്ടാകുന്ന ജോയിന്റ് ഡയറക്ടർ തസ്തികയിലെ ഒഴിവിലേയ്ക്ക് സെലക്ട് ലിസ്റ്റിലെ മൂന്നാം പേരുകാരിയായ ശ്രീമതി.കെ.ജി.ശ്രീദേവിയ്ക്ക് ഉദ്യോഗക്കയറ്റം നൽകുവാനും സൂചന (3) കത്തു പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിയമനാധികാരിയായ സർക്കാരിന് ശുപാർശ നൽകുകയുമുണ്ടായി. പ്രസ്തുത ശുപാർശ സർക്കാർ അംഗീകരിക്കുകയും ശ്രീമതി.പി.കെ.രാജശ്രീയ്ക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി ഡെപ്യൂട്ടേഷനിൽ തുടരുവാൻ അനുമതി നൽകിയും അതുവഴിയുണ്ടായ ഒഴിവിലേയ്ക്ക് സെലക്ട് ലിസ്റ്റിലെ മൂന്നാം പേരുകാരിയായ ശ്രീമതി.കെ.ജി.ശ്രീദേവിയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയും സൂചന (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിയ്ക്കുകയുണ്ടായി.

ശ്രീമതി.കെ.ജി.ശ്രീദേവി ജോയിന്റ് ഡയറക്ടർ തസ്തികയിൽ പ്രവേശിക്കുന്ന കാലയളവിൽ ശ്രീ.കെ.കെ.സുരേന്ദ്രകുമാർ എന്ന ജീവനക്കാരനും ജോയിന്റ് ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുകയായിരുന്നു. ശ്രീമതി.കെ.ജി.ശ്രീദേവി, ജോയിന്റ് ഡയറക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചത് 21/10/2015 പൂർവ്വാഹ്നത്തിലാണ്. ടി തസ്തികയിൽ പ്രവേശിക്കുന്നതിനു മുൻപ് ടിയാൾ അർദ്ധവേതനാവധിയിൽ ആയിരുന്നു. ടിയാൾ ജോലിയിൽ പ്രവേശിച്ച തീയതിയിൽ വീണ്ടും അവധി അപേക്ഷ നൽകുകയും ടിയാൾക്ക് 26/10/2015 മുതൽ 30/01/2016 വരെ അർദ്ധവേതനാവധി അനുവദിച്ചു നൽകുകയുമുണ്ടായി. (22/10/15 മുതൽ 25/10/2015 വരെ പൊതു അവധി ദിവസങ്ങളായിരുന്നു.) അവധിയിൽ

തുടരവെ ടിയാൾ 31/01/2016 മുതൽ 31/03/2016 വരെ പെൻഷൻ പ്രാരംഭ അവധിയിൽ പ്രവേശിക്കുവാൻ ഈ കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ചത്. പെൻഷൻ പ്രാരംഭ അവധിയ്ക്കുള്ള അപേക്ഷയായതിനാൽ ടി അപേക്ഷ സർക്കാരിലേയ്ക്കു നൽകുകയുണ്ടായി. ടി അപേക്ഷയിന്മേൽ ഈ കാര്യാലയത്തിൽ നിന്നും നടപടി സ്വീകരിക്കുവാൻ സൂചന (5) കത്തു പ്രകാരം സർക്കാർ അനുമതി നൽകിയതിനെ തുടർന്നാണ് ടിയാൾക്ക് 31/01/2016 മുതൽ 31/03/2016 വരെ പെൻഷൻ പ്രാരംഭ അവധി അനുവദിച്ച് ഈ കാര്യാലയത്തിൽ നിന്നും സൂചന (6) പ്രകാരം ഉത്തരവ് നൽകിയത്. എന്നാൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതിനു മുൻപ് തന്നെ ടിയാൾ 31/03/2016 ന് സർവ്വീസിൽ നിന്നും വിരമിയ്ക്കുകയുണ്ടായി. ഭരണപരമായ കാരണങ്ങളാലാണ് ടിയാൾക്ക് അവധി അനുവദിയ്ക്കുവാൻ കാലതാമസം നേരിട്ടത്.

ഇപ്രകാരം ശ്രീമതി.കെ.ജി.ശ്രീദേവി 31/01/2016 മുതൽ പെൻഷൻ പ്രാരംഭ അവധിയിൽ പ്രവേശിച്ചതിനു ശേഷമാണ് ഡപ്യൂട്ടേഷൻ അവസാനിച്ചതിനെ തുടർന്ന് 11/02/2016 പൂർവ്വാഹ്നത്തിൽ ശ്രീമതി.പി.കെ.രാജശ്രീ, ഈ കാര്യാലയത്തിൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ പ്രവേശിച്ചത്. ടിയാൾ ജോലിയിൽ പ്രവേശിച്ചപ്പോൾ ശ്രീമതി.കെ.ജി.ശ്രീദേവി പെൻഷൻ പ്രാരംഭഅവധിയിൽ പ്രവേശിച്ചതിനാൽ ഒരു കാലഘട്ടത്തിലും ജോയിന്റ് ഡയറക്ടർ തസ്തികയിലെ നിയമനങ്ങൾ കേഡർ സ്ട്രെങ്ത് അധികരിച്ചിട്ടില്ലാത്തതാണ്.

തൃശ്ശൂർ സ്വദേശിനിയായ ശ്രീമതി.കെ.ജി.ശ്രീദേവിയുടെ ഭർത്താവിന് സ്ട്രോക്ക് ബാധിച്ച് എറണാകുളം ജില്ലയിലെ സ്വകാര്യആശുപത്രിയിൽ ചികിത്സയിലായതിനെ തുടർന്ന് ടിയാന്റെ പരിചരണത്തിനായാണ് ശ്രീമതി.കെ.ജി. ശ്രീദേവി ടി കാലയളവുകളിൽ അവധിയിൽ പ്രവേശിച്ചത്. ഭരണപരമായ കാരണങ്ങളാലാണ് ടിയാൾക്ക് പെൻഷൻ പ്രാരംഭ അവധി അനുവദിയ്ക്കുവാൻ കാലതാമസം നേരിട്ടത്. ശ്രീ.കെ.മുകുന്ദൻ പരാതിയിൽ ഉന്നയിച്ചതു പോലെ ക്രമവിരുദ്ധമായ നടപടികളൊന്നും ഈ കാര്യാലയത്തിൽ നിന്നും സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച വ്യക്തമായ മറുപടികളാണ് സൂചന (8) ലെ കത്തുകൾ പ്രകാരം ഈ കാര്യാലയത്തിൽ നിന്നും പരാതിക്കാരന് നൽകിയിട്ടുള്ളത്. വിവരാവകാശ നിയമത്തിൽ

പ്രതിപാതിച്ചിട്ടുള്ള വ്യവസ്ഥകളും ഇതു സംബന്ധിച്ച് കമ്മീഷനും സർക്കാരും കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ യഥാവിധി നടപ്പിലാക്കിയിട്ടുണ്ടെന്ന വിവരവും അറിയിയ്ക്കുന്നു. ടിയാൻ ആവശ്യപ്പെടുന്ന നിയമപരമായ വിശദീകരണവും വ്യാഖ്യാനങ്ങളും നൽകുവാൻ ഇൻഫർമേഷൻ ഓഫീസർ എന്ന നിലയിൽ കഴിയില്ലായെന്നും എന്നാൽ വസ്തുതകൾ ഉൾപ്പെടുത്തി ടിയാന് മറുപടി നൽകിയിട്ടുണ്ട് എന്ന വിവരവും അറിയിച്ചുകൊള്ളുന്നു. ടിയാന്റെ പരാതിയുമായി ബന്ധപ്പെട്ട സൂചന പ്രകാരമുള്ള എല്ലാ രേഖകളുടെയും പകർപ്പുകൾ തുടർനടപടികൾക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

പ്രീത.എസ്.നായർ
അപ്പലേറ്റ് അധികാരി &
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്

ശ്രീ.കെ.മുകുന്ദൻ,
പാർവ്വതി ഹൗസ്,
പാമ്പാടി വെസ്റ്റ്.പി.ഒ,
തിരുവില്ല്വാമല,
തൃശ്ശൂർ,
പിൻ 680588